**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 233** **27-06-2022 - ൽ മറുപടിയ്ക്ക്**

**വട്ടോളിയിലെ ദിബിഷയുടെ മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വട്ടോളിയിലെ ദിബിഷ പ്രസവത്തെ തുടർന്ന് 28-08-2021-ന് കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത മരണം സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണെന്നും ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും അറിയിക്കാമോ; | (ബി) | ആരോഗ്യ വകുപ്പ് ഡയറക്ടർ കൺവീനറായും, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ (കേരള ഹൈക്കോടതി), ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) എന്നിവർ അംഗങ്ങളായ സ്റ്റേറ്റ് ലെവൽ അപെക്സ് ബോഡി 02/04/2022-ൽ ദിബിഷ മരണപ്പെട്ടത് ചികിത്സിച്ച ഡോക്ടറുടെ പിഴവ് മൂലമാണോ എന്നത് സംബന്ധിച്ചുള്ള കേസ് പരിഗണിക്കുകയും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സർജൻ, ഗൈനക്കോളജിസ്റ്റിസ്റ്റ്, അനസ്തെറ്റിസ്റ്റ് എന്നീ വിദഗ്ധരുടെ വിദഗ്ദ്ധ അഭിപ്രായം തേടുകയും അതിൻ പ്രകാരം ലഭ്യമായ റിപ്പോർട്ട് 22/06/2022-ൽ ചേർന്ന അപെക്സ് ബോഡി മീറ്റിംഗിൽ സമർപ്പിക്കുകയും ദിബിഷയുടെ മരണം ചികിത്സാപ്പിഴവുമൂലം സംഭവിച്ചതല്ല എന്ന തീരുമാനത്തിൽ എത്തിച്ചേരുകയും ചെയ്തു. |
| (സി) | പ്രസ്തുത സംഭവത്തെ തുടർന്നുള്ള പാത്തോളജി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ദിബിഷയുടെ മരണത്തെത്തുടർന്ന് മൃതദേഹം ഫോറൻസിക് വിഭാഗത്തിൽ പോസ്റ്റ് മോർട്ടത്തിന് വിധേയമാക്കുകയുണ്ടായി. ഫോറൻസിക് വിഭാഗത്തിൽ നിന്നും അയച്ച സാമ്പിളുകൾ 14/09/2021 തീയതിയിൽ പത്തോളജി പരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ട് തയ്യാറായിട്ടുള്ളതായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | ഇത്തരം സംഭവങ്ങൾ പൊതുവിൽ ആവർത്തിക്കാതിരിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങൾ നൽകാനും നടപടികൾ | (ഡി) | ദിബിഷയുടെ മരണം ചികിത്സാപ്പിഴവ് മൂലം സംഭവിച്ചതല്ല എന്നാണ് അപ്പക്സ് ബോഡി കണ്ടെത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | സ്വീകരിക്കാനുമാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ